**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5875** **09-07-2024 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വായ്പാപരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോയെന്ന് അറിയിക്കാമോ; | (എ) | പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും നടപ്പ് സാമ്പത്തിക വർഷത്തേക്ക് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3 ശതമാനത്തിൽ നിന്ന് ഉപാധികളില്ലാതെ 3.5 ശതമാനമായി ഉയർത്തണമെന്നും കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre - Budget Speech) 22.06.2024-ലെ യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | വായ്പാ പരിധി വർദ്ധിപ്പിച്ച് നൽകാത്ത പക്ഷം സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) | സർക്കാരിന്റെ തനത് നികുതി വരുമാനം ബജറ്റ് ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ ക്രിയാത്മക നടപടികൾ മുൻ വർഷത്തെപ്പോലെ പിൻതുടരാനും ഒപ്പം തന്നെ അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും പരമാവധി തുക വികസന പ്രവർത്തനങ്ങൾക്ക് നീക്കിവച്ചും സാമ്പത്തിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ച് സാധാരണ ജനജീവിതം സാധ്യമാക്കുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. |

സെക്ഷൻ ഓഫീസർ